അതുപോലെ കാസർഗോഡ്, നീലേശ്വരം, ചെറുവത്തൂർ, നൂമാഹി, മുനയ്ക്കടവ്, പാലക്കാട്, ധർമ്മടം, തോട്ടപ്പള്ളി, സൗത്ത് പരവൂർ, ചേറ്റുവ എന്നിവിടങ്ങളിൽ യന്ത്രവത്കൃത ബോട്ടുകൾക്കുള്ള ലാന്റിംഗ് സെന്ററുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ റിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, വള്ളിക്കുന്ന്, വെള്ളയിൽ ബീച്ച്, പാലിൽ ഗോപാലപേട്ട, അർത്തുങ്കൽ, ചെല്ലാനം, കൊയിലാണ്ടി, പുന്നപ്ര, കാഞ്ഞങ്ങാട്, എട്ടിക്കുളം കാട്ടൂർ, പൊള്ളത്തായി, കടപ്ര, തിക്കോടി, പൂവാർ എന്നീ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള മിനി ഹിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്ററുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിച്ച് നടപ്പിലാക്കി വരുന്നു.

സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം

12. [*12] ശ്രീ. തെക്കായി ചാക്കോ :

" കോടിയേരി ബാലകൃഷ്ണൻ :

" എ. കെ. ബാലൻ :

" എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണ നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ശമ്പള പരിഷ്കരണം എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) 1-3-2002 മുതൽ മുൻകാല പ്രാബല്യത്തിൽ വേതന പരിഷ്കരണം നടത്തണമെന്ന ജീവനക്കാരുടെ ആവശ്യം പരിഗണിക്കുന്നുണ്ടോ;

(ഡി) അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണമെന്ന തത്വം സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ശമ്പളപരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്

(ബി) കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിതിനുശേഷം നടപ്പിലാക്കുന്നതാണ്

(സി), (ഡി) ശമ്പള പരിഷ്കരണം മാർച്ച് മാസത്തിൽ തന്നെ നടപ്പാക്കത്തക്ക വിധം റിപ്പോർട്ട് നൽകണമെന്ന് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ എല്ലാ കാര്യത്തിലും തീരുമാനമെടുക്കുന്നതാണ്.

ചെമ്പഴന്തിയിലെ അന്താരാഷ്ട്ര പഠന കേന്ദ്രം

13. [*13] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly